**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2602** **07-07-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കെയർ ഹോം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നാളിതുവരെ ആർക്കെല്ലാം ഭവനങ്ങൾ ലഭ്യമാക്കിയെന്നും ഏത് സഹകരണ സംഘം മുഖേനയാണ് ലഭ്യമാക്കിയതെന്നും വിശദമാക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന മൂന്ന് പേർക്ക് കെയർ ഹോം പദ്ധതി പ്രകാരം ഭവനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>1. കിഴക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ നിർമ്മാണ മേൽ നോട്ടത്തിൽ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ രാജമ്മ, വടക്കേ വീട്, കുന്നംകാട്, കിഴക്കഞ്ചേരി പി.ഒ<br>2. ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ നിർമ്മാണ മേൽ നോട്ടത്തിൽ എരിമയൂർ ഗ്രാമ പഞ്ചായത്തിൽ പൊന്നു, മാടമ്പാറ, കുനിശ്ശേരി പി.ഒ<br>3. ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നിർമ്മാണ മേൽ നോട്ടത്തിൽ ആലത്തൂർ ഗ്രാമ പഞ്ചായത്തിൽ സജീവ് കെ.ടി, പുള്ളോട് വീട്, പന്തലാംകോട്, പുള്ളോട് പി.ഒ |
| (ബി) | കെയർ ഹോം പദ്ധതി തുടരുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2,000 വീട് നിർമ്മിച്ച് നൽകുക എന്ന ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നു വരുന്നു. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ